**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6249** — **31/10/2011-ൽ മറുപടിക്ക്**

## കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ യൂണിറ്റുകൾക്ക് ദേശസാൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും നൽകുന്ന വായ്പകളുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) ലിങ്കേജ് ബാങ്കിംഗ് പദ്ധതി പ്രകാരം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിനാനുപാതികമായി ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നതാണ്. ഇതിലേയ്ക്കാവശ്യമായ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ബാങ്കുകൾ ഗ്രേഡിംഗിലൂടെ വിലയിരുത്തുന്നു. അയൽക്കൂട്ടാംഗങ്ങളുടെ ഏതാവശ്യത്തിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. ഗ്രേഡിംഗിൽ 80 ശതമാനം മാർക്ക് ലഭ്യമാകുന്ന അയൽക്കൂട്ടങ്ങൾക്കു മാത്രമേ ലിങ്കേജ് ബാങ്കിംഗ് പദ്ധതി പ്രകാരം വായ്പ അനുവദിക്കുകയുള്ളൂ. |
| (ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്ക് സഹകരണ ബാങ്കുകൾ വർദ്ധിപ്പിച്ചതായി അറിവുണ്ടോ; എങ്കിൽ എത്ര ശതമാനമാ യാണ് വർദ്ധിപ്പിച്ചത്; | (ബി) കുടുംബശ്രീ യൂണിറ്റുകൾക്കു നൽകുന്ന വായ്പയുടെ പലിശനിരക്ക് സഹകരണ ബാങ്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. |
| (സി) കുടുംബശ്രീ യൂണിറ്റുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ അഭ്യർത്ഥിക്കുമോ; | (സി) യും (ഡി) യും ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) ഒരു ലക്ഷം രൂപയ്ക്ക് ആയിരം രൂപ വീതം സഹകരണ ബാങ്കുകൾ സർവ്വീസ് ചാർജ് ഈടാക്കുന്നത് ഒഴിവാക്കി നൽകാൻ അഭ്യർത്ഥിക്കുമോ? | |

**സെക്ഷൻ ഓഫീസർ**